**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6303** **10-07-2024 - ൽ മറുപടിയ്ക്ക്**

**പുതിയ ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗിന് പ്രൈസ് - 3 സോഫ്റ്റ് വെയർ മുഖാന്തിരം മേൽ ഓഫീസിലേക്ക് നിലവിൽ എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഇതുമൂലം ഈ വർഷം ഇറിഗേഷൻ പമ്പ് ഹൗസുകളിൽ കൃഷിക്കായുള്ള പമ്പിംഗിലുണ്ടാകുന്ന കാലതാമസം നേരിടുന്നതിനായി പകരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ; | (ബി) | പ്രൈസ്-3 സോഫ്റ്റ് വെയർ മുഖാന്തിരം എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ തടസ്സങ്ങളില്ലാത്തതിനാൽ ഈ വർഷം ഇറിഗേഷൻ പമ്പ് ഹൗസുകളിൽ കൃഷിക്കായുള്ള പമ്പിംഗിൽ കാലതാമസം ഉണ്ടായിട്ടില്ല. |
| (സി) | മലപ്പുറം ജില്ലയിലെ ഇറിഗേഷൻ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലയിൽ പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കാൻ സങ്കേതിക തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ; | (സി) | മലപ്പുറം ജില്ലയിലെ ഇറിഗേഷൻ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലയിൽ പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൻ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കാൻ സാങ്കേതിക തടസ്സങ്ങളില്ല. |
| (ഡി) | നിലവിൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി ചാലക്കുടിയിൽ ഒരു സബ്ഡിവിഷനാണുള്ളതെന്നതിനാൽ മലപ്പുറം കേന്ദ്രമായി പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കാമോ; വിശദമാക്കാമോ? | (ഡി) | മലപ്പുറം കേന്ദ്രമായി പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതനടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ